LIBRARY ARCHIVES Kerala Legislative Assembly

കയർവ്യവസായ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി

244 (1301) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ ഫാക്ടറികളുടേയും കയർ സ്ഥാപനങ്ങളുടെയും വർദ്ധിപ്പിച്ച നികുതി ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) ഇല്ലെങ്കിൽ കയർ വ്യവസായ സ്ഥാപനങ്ങളെ ഇപ്രകാരമുള്ള അധിക സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ

245 (1302) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) അവയ്ക്ക് എത്ര രൂക പ്രവർത്തന മൂലധനമായി നൽകി;

(സി) ഓരോ കൺസോർഷ്യവും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊണ്ട് വീതം ശേഖരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 36 തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) 36 കൺസോർഷ്യങ്ങൾക്ക് പ്രവർത്തന മൂലധനമായി ആദ്യഘട്ടം 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ കൺസോർഷ്യവും ശേഖരിച്ച തൊണ്ടിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആലപ്പുഴ പ്രൊജക്ടിനുകീഴിലെ കൺസോർഷ്യങ്ങൾ നേരിട്ട് തൊണ്ട് സംഭരണം നടത്തുന്നില്ല. കൺസോർഷ്യങ്ങളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളും സ്വകാര്യ സ്ഥാപനങ്ങളുംകൂടി കഴിഞ്ഞ സാമ്പത്തിക വർഷം 2510285 തൊണ്ട് സംഭരിച്ചിട്ടുണ്ട്.

പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിക്കാൻ നടപടി

246 (1303) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ അഫിലിയേഷനുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എത്രയാണ്;

(ബി) കയർഫെഡിൽ അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത് ഏത് തീയതി മുതലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(സി) അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റി പുതുതായി ഏതെങ്കിലും പ്രാഥമിക സംഘങ്ങൾക്ക് കയർഫെഡിൽ അംഗത്വം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾക്ക്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വോട്ടവകാശമുള്ള അംഗങ്ങളെ ചേർക്കാൻ അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് അധികാരമുണ്ടോ; ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ഇ) സഹകരണ നിയമത്തിനും, സുപ്രീം കോടതി വിധിക്കും, കോടതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി കയർഫെഡിലെ അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തുന്നതായി ഉയർന്നുവന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർഫെഡിൽ 642 പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ഉണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം കയർഫെഡിൽ 20-2-2013 മുതലാണ് അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത്.

(സി) അഡ്ഹിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നശേഷം അപേക്ഷ സമർപ്പിച്ച 128 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള സഹകരണ നിയമം വകുപ്പ് 8 എ (2) പ്രകാരം 60 ദിവസം പൂർത്തിയായ മറ്റ്ഷ് സ്വാഭാവികമായി അഫിലിയേഷൻ ലഭിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അങ്ങനെ 128 സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly